അവിടെനിന്നു മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ടെന്നും അതു മാറ്റിയാൽ കെട്ടിടം ഒഴിഞ്ഞുതരുന്നതാണ് എന്നു കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

മൂന്നു വർഷത്തിൽ കൂടുതൽ ഒരു സെക്ഷനിൽ ജോലി നോക്കി വരുന്ന സെക്ഷൻ ആഫീസർമാർ

455 [806] ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ ജി.എ.ഡി. സർവ്വീസസ് സെക്ഷനുകളിൽ മൂന്നുവർഷത്തിൽ കൂടുതൽ കാലമായി ജോലി നോക്കി വരുന്ന എത്ര സെക്ഷൻ ആഫീസർമാരുണ്ട്;

(ബി) മൂന്നു വർഷത്തിൽ കൂടുതൽ കാലം ഒരേ സെക്ഷനിൽ തുടരുന്ന സെക്ഷൻ ആഫീസർമാരെ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 3 (മൂന്ന്)

(ബി) സാധാരണ ഗതിയിൽ മൂന്നു വർഷം മാത്രമേ സെക്ഷൻ ആഫീസർമാരെ ഒരേ സെക്ഷനുകളിൽ തുടരുവാൻ അനുവദിക്കുകയുള്ളൂ. എന്നാൽ ഭരണ സൗകര്യം കണക്കിലെടുത്ത് ചില സെക്ഷൻ ആഫീസർമാരെ അതാത് സെക്ഷനുകളിൽ മൂന്നുവർഷത്തിനുശേഷവും തുടരുവാൻ അനുവദിക്കാറുണ്ട്.

സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റുകൾ

456 [807] ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ എത്ര ടൈപ്പിസ്റ്റുകൾ ഉണ്ട്;

(ബി) ഇവരിൽ എത്രപേർ സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസായിട്ടുണ്ട്;

(സി) ഇതിൽ അസിസ്റ്റൻറ് ട്രെയിനിയായി ഒരുവർഷക്കാലം പൂർത്തിയാക്കിയവർ എത്രയാണ്;

(ഡി) അസിസ്റ്റൻറ് പരിശീലനം പൂർത്തിയാക്കിയ ടൈപ്പിസ്റ്റുമാരെ വീണ്ടും പഴയ ലാവണത്തിൽ നിയമിക്കാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(എഫ്) പരിശീലന കാലാവധി കഴിഞ്ഞിട്ടും അസിസ്റ്റൻറ് ട്രെയിനിയായി തുടരുന്ന എത്ര ടൈപ്പിസ്റ്റുകൾ ഇപ്പോൾ സെക്രട്ടേറിയറ്റിലുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 445

(ബി) 15

(സി) 2

(ഡി) ഇല്ല.

(ഇ) നിലവിലുള്ള ചട്ടങ്ങളനുസരിച്ച് ഇവരെ വീണ്ടും ടൈപ്പിസ്റ്റുമാരായി നിയമിക്കുവാൻ വ്യവസ്ഥയില്ല.

(എഫ്) 2

ഡൈസ്നോണിൽനിന്നും ഒഴിവാക്കണമെന്ന നിവേദനം

457 [809] ശ്രീ. നാലകത്തു സൂപ്പി:

,, പി.കെ. കുഞ്ഞാലിക്കുട്ടി:

,, കെ.പി.എ. മജീദ്:

,, പി.കെ.കെ. ബാവ:

,, ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പൊതു പണിമുടക്കിൽ ആഗസ്റ്റ് 15 (സ്വാതന്ത്ര്യദിനം) ഡൈസ് നോണിൽനിന്നും ഒഴിവാക്കണമെന്ന് നിവേദനം വല്ലതും ലഭിച്ചിരുന്നുവോ?

(ബി) എങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വാതന്ത്ര്യദിനത്തെ ഡൈസ്നോണിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറിയിൽനിന്നും ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ തീരുമാനമൊന്നും എടുത്തിട്ടില്ല.

ടൈപ്പിസ്റ്റ്/ക്ലാർക്കു പരീക്ഷ

458 [810] ശ്രീ ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേക്ക് ടൈപ്പിസ്റ്റ്/ക്ലാർക്കിന്റെ ഒഴിവിലേക്ക് നിയമിക്കുന്നതിനുവേണ്ടി വിവിധ ജില്ലകളിൽവച്ച് 27-4-1985-ൽ കെ.പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയോ;

LIBRARY ARCHIVES Kerala Legislative Assembly